## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **5101**

23.03.2018-ലെ മറുപടി

## കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.തോമസ് ചാണ്ടി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | 2016-2017 ലെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ 195 കോടി രൂപയുടെ കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയും ഇപ്പോൾ കുട്ടനാട്ടിൽ നടന്നു കൊണ്ടിരിക്കുന്ന 70 കോടി രൂപയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) 2017-18-ലെ ബജറ്റ് പ്രസംഗത്തിലാണ് 195 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാൻ കേരള വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്പോൾ കുട്ടനാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന 70 കോടി രൂപയുടെ പദ്ധതി മൂന്ന് പാക്കേജുകളിലായി പണികൾ നടന്നുവരുന്നു. ഇവ യഥാക്രമം<br>പാക്കേജ് I- ട്രാൻസ്മിഷൻ സിസ്റ്റം–I 98% പണികൾ പൂർത്തീകരിച്ചു.<br>പാക്കേജ് II-ട്രാൻസ്മിഷൻ സിസ്റ്റം –II 97% പണികൾ പൂർത്തീകരിച്ചു.<br>പാക്കേജ് III- വിതരണശൃംഖല (ഡിസ്ട്രിബ്യൂഷൻ സിസ്റ്റം-II) ന്റെ പണികൾ 66% പൂർത്തീകരിച്ചു. |
| (ബി) | ഇത്തരത്തിൽ സ്ഥാപിച്ച എത്ര പൈപ്പ് ലൈനുകളിൽ നിന്ന് വെള്ളം പമ്പ് ചെയ്യാൻ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) വെള്ളം പമ്പ് ചെയ്യാൻ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ